


# ദൂരക്കാഴ്ചയും നേർക്കാഴ്ചയും

യോഹ. 1: 43 – 51 Vol. 12, Issue: 32

ബ്ര. ജോസഫ് ജെ. ആര്യപ്പള്ളിൽ

**ദി**വ്യകാരുണ്യ ഈശോയിൽ ഏറ്റവും സ്നേഹം നിറഞ്ഞ മാതാപിതാക്കളേ, സഹോദരീ-സഹോദരന്മാരേ,

ദൂരക്കാഴ്ചയും നേർക്കാഴ്ചയും നമുക്കെല്ലാവർക്കും പരിചിതമായ രണ്ട് പദപ്രയോഗങ്ങളാണ്. ദൂരക്കാഴ്ചയെന്നാൽ അൽപം ദൂരെയുള്ളതും അവ്യക്തത നിറഞ്ഞതുമായ കാഴ്ചയാണ്. നേർക്കാഴ്ച, നേരിട്ടുള്ളതും വ്യക്തത നിറഞ്ഞതുമായ കാഴ്ചയാണ്. വെറും ദൂരക്കാഴ്ച മാത്രമായിരുന്ന ദൈവികമഹത്വം മിശിഹായിലൂടെ ഒരു നേർക്കാഴ്ചാ അനുഭവമായി വെളിപ്പെട്ടു കിട്ടിയതിനെ അനുസ്മരിക്കുന്ന ഒരു പുതിയ കാലഘട്ടത്തിലേക്കാണ് നാം ഇന്ന് പ്രവേശിക്കുന്നത്, ദനഹാക്കാലം. ദനഹാ എന്ന സുറിയാനി വാക്കിന്റെ അർത്ഥം വെളിപ്പെടുത്തൽ എന്നു തന്നെയാണ്. ഇതാ ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് എന്ന സ്നാപകന്റെ വെളിപ്പെടുത്തൽ സ്വീകരിച്ച് യേശുവിനെ നേർക്കാഴ്ച അനുഭവം സ്വന്തമാക്കിയ ആദ്യ ശിഷ്യന്മാർ മറ്റുള്ളവരെയും ഈ നേർക്കാഴ്ചാ അനുഭവം സ്വന്തമാക്കാൻ ക്ഷണിക്കുന്നതാണ് ഇന്നത്തെ സുവിശേഷ പശ്ചാത്തലം.

അന്വേഷിക്കുവിൻ കണ്ടെത്തും എന്ന തിരുവചനത്തിന്റെ മറവിൽ മോശയുടെ നിയമത്തിലും പ്രവാചകന്മാരുടെ ഗ്രന്ഥത്തിലും വെറും ദൂരക്കാഴ്ച മാത്രമായി ആരെപ്പറ്റി എഴുതിയിരിക്കുന്നുവോ അവനെ ജോസഫിന്റെ മകൻ, നസ്രത്തിൽ നിന്നുള്ള യേശുവിനെപ്പറ്റി തന്റെ ആത്മമിത്രമായ പീലിപ്പോസിനൊപ്പം ഒരു നേർക്കാഴ്ച സ്വായത്തമാക്കാൻ പരിശ്രമിക്കുന്ന നഥാനിയേലിനെയാണ് ഇന്ന് തിരുസഭ വചനവിചിന്തനത്തിനായി നൽകിയിരിക്കുന്നത്.

ആരാണ് നഥാനിയേൽ എന്നു ചോദിച്ചാൽ, അത്തിമരച്ചുവട്ടിലായിരിക്കുമ്പോൾ ഞാൻ നിന്നെ കണ്ടുവെന്ന് നസ്രായൻ പറഞ്ഞ നിഷ്കപടനായ ഒരു ഇസ്രായേൽക്കാരനാണ് നഥാനിയേൽ എന്ന് യോഹന്നാൻ സുവിശേഷകൻ പഠിപ്പിക്കും. യേശുവിന്റെ ജ്ഞാനസ്നാനത്തിന്റെ മൂന്നാം നാൾ അപ്പസ്തോലഗണത്തിലേക്കു വിളി ലഭിച്ച ബർത്തലോമിയോ എന്ന അപരനാമത്തിൽ അറിയപ്പെടുന്നവനാണ് നഥാനിയേൽ എന്ന് സുവിശേഷഭാഷ്യങ്ങളിൽ സുവിശേഷപണ്ഡിതന്മാർ പറഞ്ഞുതരും.

ഈ നഥാനിയേലിന്റെ ജീവിതം ദൂരക്കാഴ്ചയിൽ നിന്ന് നേർക്കാഴ്ചയിലേക്കുള്ള ഒരു യാത്രയാണ്. എങ്ങനെയാണ് നഥാനിയേൽ ദൂരക്കാഴ്ചയിൽ നിന്ന് നേർക്കാഴ്ചാ അനുഭവം സ്വന്തമാക്കിയത് എന്നു ചോദിച്ചാൽ ഒന്നാമതായി, നഥാനിയേൽ വചനമായ മിശിഹായെ കാത്തിരുന്നവനായിരുന്നു. രണ്ടാമതായി, നഥാനിയേൽ നിഷ്കപട ഹൃദയമുള്ളവനായിരുന്നു.

ഒന്നാമതായി, നഥാനിയേൽ വചനമായ മിശിഹായെ കാത്തിരുന്നവനായിരുന്നു. നഥാനിയേൽ അത്തിമരച്ചുവട്ടിൽ ഇരിക്കുന്നത് നസ്രായൻ കണ്ടുവെന്നാണ് വചനം സാക്ഷ്യപ്പെടുത്തുന്നത്. യഹൂദാ പാരമ്പര്യമനുസരിച്ച് അത്തിമരച്ചുവട് വചനം പഠിക്കുന്ന പാഠശാലയാണ്. അത്തിമരച്ചുവട്ടിലിരുന്ന നഥാനിയേൽ വചനമായ മിശിഹായെ മനസിലാക്കിയവനും കാത്തിരുന്നവനുമായിരുന്നു.

ബെത്‌ലഹേം - എഫ്രാത്ത യൂദാ ഭവനങ്ങളിൽ നീ ചെറുതാണെങ്കിലും ഇസ്രായേലിനെ ഭരിക്കേണ്ടവൻ നിന്നിൽ നിന്നു പുറപ്പെടും. അവൻ പണ്ടേ യുഗങ്ങൾക്കു മുമ്പേ ഉള്ളവനാണ് എന്ന മിക്കാ പ്രവാചകന്റെ പ്രവചനത്തിൽ നിന്നും ബെത്‌ലഹേമിൽ ജനിക്കാനിരിക്കുന്ന ലോകരക്ഷകനെക്കുറിച്ച് നഥാനിയേൽ അറിഞ്ഞതിനാലാവും യേശു നസ്രത്തിൽ നിന്നുള്ളവൻ എന്ന പീലിപ്പോസിന്റെ വാക്കുകൾ നഥാനിയേലിൽ ആശ്ചര്യം ജനിപ്പിച്ചത്. പഴയനിയമ ഗ്രന്ഥങ്ങളിൽ പ്രതിപാദിച്ചിട്ടില്ലാത്ത ചെറിയ ഒരു ഗ്രാമമായ നസ്രത്തിനെ പരിചയമുള്ള ഏവർക്കും ഇതൊരു ആശ്ചര്യം തന്നെയാണ്. വിജ്ഞാനികളെ ലജ്ജിപ്പിക്കാൻ ലോകദൃഷ്ട്യാ നിസ്സാരങ്ങളായവയെല്ലാം ദൈവം തിരഞ്ഞെടുക്കുമെന്ന് നഥാനിയേൽ വിശ്വസിച്ചിരിക്കണം. അതിനാലാണ് വന്നു കാണുക എന്ന പീലിപ്പോസിന്റെ ക്ഷണം നിരസിക്കാതെ ചെന്നുകണ്ടത്. ദൂരക്കാഴ്ചയിൽ നിന്നും നേർക്കാഴ്ച സ്വന്തമാക്കാൻ വചനമായ മിശിഹായെ മനസിലാക്കണം. അതിനായി വചനം വായിക്കണം, പഠിക്കണം, വചനമായ മിശിഹായെ കാത്തിരിക്കണം.

രണ്ടാമതായി, നഥാനിയേൽ നിഷ്കപട ഹൃദയമുള്ളവനായിരുന്നു. ഈശോ നഥാനിയേലിനെ വിളിച്ചത് കാപട്യമില്ലാത്ത ഒരു യഥാർത്ഥ ഇസ്രായേൽക്കാരൻ എന്നാണ്. പൂർവ്വപിതാവായ യാക്കോബിന്റെ കപടത ലവലേശം തൊട്ടുതീണ്ടിയിട്ടില്ലാത്തവൻ എന്ന് അർത്ഥം. ഒരു ഈശ്വരവിശ്വാസി കാപട്യമില്ലാത്തവനായിരിക്കണം. അവനേ ദൈവത്തെ കാണാൻ സാധിക്കുകയുള്ളൂ (മത്തായി 5:8). ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും. വി. പാസ്കൽ പെയ്പോൺ ഇപ്രകാരം പറയും: ‘‘ദൈവതിരുമുമ്പിൽ നിങ്ങളുടെ ഹൃദയം ശിശുവിന്റേതുപോലെയാവണം.’’ നഥാനിയേലിന്റെ ഹൃദയവിശുദ്ധി അവന് ദൈവത്തെ കാണാൻ വഴി തെളിച്ചു. നഥാനിയേലിന്റെ ജീവിതം പറഞ്ഞുതരും, പരിശുദ്ധനായ ദൈവത്തെ കണ്ടുമുട്ടാൻ നിഷ്കപട ഹൃദയമുള്ളവനായിരിക്കണം. നിഷ്കപട ഹൃദയനായ നഥാനിയേൽ രക്ഷകനെ കണ്ടെത്തിയപ്പോൾ പറഞ്ഞു: ‘‘നീ ദൈവപുത്രനാണ്; ഇസ്രായേലിന്റെ രാജാവാണ്.’’ ഇതിനു പ്രതിഫലമായി നഥാനിയേലിനെ അനുഗ്രഹിച്ച് അവിടുന്ന് പറഞ്ഞു: ‘‘സ്വർഗം തുറക്കപ്പെടുന്നതും ദൈവദൂതന്മാർ മനുഷ്യപുത്രന്റെ മേൽ കയറിപ്പോകുന്നതും ഇറങ്ങിവരുന്നതും നിങ്ങൾ കാണും.’’ ഈ സംഭവം കർത്താവിന്റെ യഥാർത്ഥ മഹത്വത്തെ സൂചിപ്പിക്കുന്നതായി തെയദോർ പഠിപ്പിക്കുന്നു. ഈ വാക്കുകളിലൂടെ ഈശോ മാലാഖമാരുടെയും കർത്താവാണെന്ന് ഈശോ തന്നെ പഠിപ്പിക്കുന്നതായി വി. ജോൺ ക്രിസോസ്തോം പറയുന്നു. യേശുവിനെപ്പറ്റി വെറും ഉപരിപ്ലവമായ അറിവ് മാത്രമുണ്ടായിരുന്ന നഥാനിയേൽ യേശുവിനെ നേരിൽ കണ്ടതിനു ശേഷം ആഴമായ അറിവ് സ്വന്തമാക്കുന്നതായി വചനം സാക്ഷ്യപ്പെടുത്തുന്നു.

നഥാനിയേൽ കാണുമെന്ന് ഈശോ സൂചിപ്പിച്ച ദൈവികമഹത്വം പ്രതിരൂപാത്മകമായി പഴയനിയമത്തിൽ ഇസ്രായേൽ ദർശിച്ചു. അതിനുള്ള ഉത്തമോദാഹരണമാണ് ദൈവത്തിന്റെ മഹത്വം ഭാഗീകമായി മോശക്ക് ദർശിക്കാൻ സാധിച്ചത്. ജനത്തിന്റെ ഇടയിൽ വസിക്കുന്ന ഈ ദൈവത്തിന്റെ മഹത്വത്തെക്കുറിച്ചാണ് സെഫാനിയ പ്രവാചകൻ പ്രവചിക്കുന്നത്. ഈ ദൈവത്തിന്റെ മഹത്വത്തിന് ദൃക്സാക്ഷികളാണ് തങ്ങളെന്നു പ്രഖ്യാപിക്കുന്ന പത്രോസ് ശ്ലീഹായുടെ വാക്കുകളാണ് ലേഖനഭാഗത്ത് നമ്മൾ ശ്രവിച്ചത്.

അപരന്റെ ഉള്ളിലെ ദൈവികസാന്നിധ്യത്തെ തിരിച്ചറിയാനും കൂടെ വസിക്കുന്ന കൂടെപ്പിറപ്പുകളിൽ, കണ്ടുമുട്ടുന്ന കൂട്ടുകാരിൽ ദൈവത്തിന്റെ മഹത്വം ഒരു നേർക്കാഴ്ചയായി അനുഭവിക്കാനുള്ള ഒരു ക്ഷണമാണ് ഈ ദനഹാക്കാലം. ലെവീനാസ് എന്ന തത്വചിന്തകൻ പറയും: ‘‘അപരൻ ദൈവമാണ്. അപരന്റെയുള്ളിലെ ദൈവികസാന്നിധ്യം തിരിച്ചറിയാൻ നമുക്ക് കഴിയണം.’’ വിശുദ്ധർ തങ്ങളുടെ ജീവിതത്തിൽ ദൈവത്തിന്റെ മഹത്വം ദർശിച്ചവരാണ്. കൊൽക്കത്തയുടെ തെരുവികളിൽ അലയുന്നവരിൽ വി. മദർ തെരേസക്ക് ദൈവത്തിന്റെ മുഖം ദർശിക്കാൻ സാധിച്ചു. അപരനിൽ ദൈവത്തിന്റെ മുഖം ദർശിക്കാൻ സാധിച്ചതിനാലാണ് മൊറോക്കോ ദ്വീപിലെ കുഷ്ഠരോഗികൾക്കിടയിൽ നിന്ന് ഒരു വിശുദ്ധനുണ്ടായത് - വി. ഡാമിയാൻ.

നമ്മുടെയൊക്കെ കുടുംബങ്ങളിൽ ദൈവത്തിന്റെ മഹത്വം ദർശിക്കാൻ സാധിച്ചാൽ പല കുടുംബകലഹങ്ങൾക്കും അസ്വസ്ഥതകൾക്കും അറുതി വരും. വീടുകളിൽ വിട്ടുവീഴ്ചകൾക്ക് വഴി തെളിയും. അതു കണ്ട് വളരുന്ന കുട്ടികൾ മൂല്യബോധമുള്ളവരാകും. കാരണം. പരിശുദ്ധ കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം പഠിപ്പിക്കുന്നു: ‘‘കുടുംബമാണ് വിശ്വാസപരിശീലനത്തിന്റെ കളരി.’’

ഇന്ന് ക്രിസ്തു സ്വയം വെളിപ്പെടുത്തുന്നത് സഭയിലൂടെയും കൂദാശകളിലൂടെയുമാണ്. അൾത്താരയിൽ ക്രിസ്തു സ്വയം പകുത്തു നൽകുമ്പോൾ അത് ഒരു ദൂരക്കാഴ്ചയല്ല മറിച്ച് നേർക്കാഴ്ചയാണ്. അൾത്താരയിൽ നിന്നും അപ്പം ഭക്ഷിച്ച് അടുക്കളയിലേക്കും ജീവിതത്തിന്റെ വിവിധ ഉൾത്താരകളിലേക്കും നടന്നുനീങ്ങുമ്പോൾ ക്രിസ്തു തരുന്ന നേർക്കാഴ്ച നഷ്ടപ്പെടുത്താതിരിക്കാൻ നമുക്ക് പരിശ്രമിക്കാം. അതിനായി നഥാനിയേലിനെപ്പോലെ നിഷ്കപട ഹൃദയത്തോടെ വചനം വായിക്കുകയും പഠിക്കുകയും ചെയ്യുന്നവരാകാം. അങ്ങനെ ദൈവത്തെ കണ്ടുമുട്ടുന്നവരാകാൻ നമുക്കും സാധിക്കട്ടെ.

സർവ്വശക്തനായ തമ്പുരാൻ എല്ലാവരെയും അനുഗ്രഹിക്കട്ടെ.